# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 26

# വാർത്താക്കുറിപ്പ്

## മഹാത്മാഗാന്ധി സർവകലാശാലയിൽ റിപ്പബ്ലിക് ദിനാഘോഷം

## മതേതരത്വവും അഖണ്ഡതയും കാത്തുസൂക്ഷിക്കണം: വൈസ് ചാൻസലർ

രാജ്യത്തിന്റെ മതേതരത്വവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്ന് മഹാത്മാഗാന്ധി വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പറഞ്ഞു . എഴുപതാം റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി സർവകലാശാലയിൽ ദേശീയപതാകയുയർത്തിയശേഷം റിപ്പബ്ലിക്ദിന സന്ദേശം നൽകുകയായിരുന്ന അദ്ദേഹം.

രാജ്യം വലിയ നേട്ടങ്ങൾ കൈവരിക്കുമ്പോഴും സാക്ഷരതയടക്കമുള്ള കാര്യങ്ങളിൽ പിന്നിലാണ് . ഇതിന് മാറ്റംവരുത്താനാകണം . പ്രവൃത്തിയാണ് ആരാധനയെന്ന് മനസിലാക്കി നാടിനുവേണ്ടി ജീവിക്കാനാകണമെന്നും സർവകലാശാല സമൂഹത്തിന് ഒട്ടേറെ സംഭാവനകൾ രാജ്യത്തിന് നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു.

സുരക്ഷാ ജീവനക്കാരുടെ പരേഡിൽ അഭിവാദ്യം സ്വീകരിച്ചശേഷമാണ് അദ്ദേഹം ദേശീയ പതാകയുയർത്തിയത്. സിൻഡിക്കേറ്റംഗം ഡോ . എ. ജോസ്, രജിസ്ട്രാർ എം .ആർ. ഉണ്ണി, പരീക്ഷ കൺട്രോളർ ഡോ . തോമസ് ജോൺ മാമ്പറ , സെക്യൂരിറ്റി ഓഫീസർ കെ .എം. ജോർജ് എന്നിവർ പങ്കെടുത്തു.

**ഫോട്ടോ കാപ്ഷൻ**

**മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയ പതാകയുയർത്തുന്നു.**

(പി.ആർ.ഒ./39/148/2019)

## ഭിന്നശേഷി സമീപനം: സെമിനാർ നടത്തി

മഹാത്മാഗാന്ധി സർവകലാശാല അന്തർസർവകലാശാല ഭിന്നശേഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'നിത്യരോഗികൾക്കും ഭിന്നശേഷിക്കാർക്കുമായി നടപ്പാക്കുന്ന ജീവധാര സമീപനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ സെമിനാർ നടത്തി. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ വൈസ്

ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം ചെയ്തു . ഭിന്നശേഷിക്കാരുടെയും നിത്യരോഗികളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും അവർക്കുവേണ്ടി ശബ്ദിക്കാനും പ്രവർത്തിക്കാനും നമുക്ക് കടമയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ . പി.റ്റി. ബാബുരാജ് അധ്യക്ഷത വഹിച്ചു . ജീവധാര മാനേജിങ് ഡയറക്ടർ സിസ്റ്റർ ഡോ . മേരി ഈസി മുഖ്യപ്രഭാഷണം നടത്തി . ഡോ. എൻ.എൻ. ഹേന, പബ്ലിക് റിലേഷൻസ് ഓഫീസർ എ. അരുൺ കുമാർ, ജോളി സോജൻ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിലെ അന്തർസർവകലാശാല ഭിന്നശേഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'നിത്യരോഗികൾക്കും ഭിന്നശേഷിക്കാർക്കുമായി നടപ്പാക്കുന്ന ജീവധാര സമീപനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ നടത്തിയ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ./39/149/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ